**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2826** — **13-12-2022 - ൽ മറുപടിയ്ക്ക്**

**ഗാർഹിക കണക്ഷനുകളുടെ കണക്ടഡ് ലോഡ് സംബന്ധിച്ച മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എൻ. ജയരാജ് | | ശ്രീ. കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | സിംഗിൾഫേസ്, ത്രീഫേസ് ഗാർഹിക കണക്ഷനുകളുടെ കണക്ടഡ് ലോഡ് സംബന്ധിച്ച മാനദണ്ഡങ്ങൾ അറിയിക്കാമോ; | (എ) | കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് റഗുലേഷൻ (8) അനുസരിച്ച് 5 കിലോവാട്ട് കണക്റ്റഡ് ലോഡ് വരെ സിംഗിൾ ഫേസ് കണക്ഷനും അതിനു മുകളിൽ 100 kVA വരെ ത്രീ ഫേസ് കണക്ഷനും എന്ന മാനദണ്ഡമാണ് നിലവിൽ ഉള്ളത് .<br><br>കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് 2014 ലെ ചാപ്റ്റർ 2-ൽ സെക്ഷൻ 8 ൽ, ആകെ കണക്ടഡ് ലോഡ് 5000 Watts (5000 Watts ഉൾപ്പെടെ) വരെ സിംഗിൾ ഫേസ് കണക്ഷൻ (240 വോൾട്ട്) നൽകാം എന്നും ആയതിന് മുകളിലേക്ക് 100 കെ.വി.എ വരെ (100 കെ.വി.എ ഉൾപ്പെടെ) ത്രീഫേസ് (415 വോൾട്ട്) സപ്ലൈ കൊടുക്കണം എന്നും പറയുന്നു. |
| (ബി) | സിംഗിൾഫേസ് ആയി കണക്ഷൻ ലഭിച്ച വീടുകൾ പുനർനിർമ്മിക്കുകയോ വിപുലീകരിക്കുകയോ ചെയ്യുമ്പോൾ കണക്ടഡ് ലോഡ് യഥാസമയം അറിയിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്ന സംവിധാനത്തിന്റെ വിശദാംശം അറിയിക്കാമോ; | (ബി) | ഉപഭോക്താവിന് വൈദ്യുതി ലഭിച്ചതിന് ശേഷം കെട്ടിടം പുനർ നിർമിക്കുകയോ വിപുലീക രിക്കുകയോ ചെയ്യുകയാണെങ്കിൽ കേരള ഇലക്ട്രിസിറ്റി സപ്ലൈ കോഡ് റഗുലേഷൻ (64) അനുസരിച്ച് റഗുലേഷനിൽ പറഞ്ഞിരിക്കുന്ന നിബന്ധനകൾക്ക് വിധേയമായി ലൈസൻ സിയെ ഉപഭോക്താവ് അറിയിക്കേണ്ടതാണ്. എന്നാൽ ഇങ്ങനെ അറിയിക്കാത്ത പക്ഷം കെ.എസ്.ഇ.ബി.എൽ ഉദ്യോഗസ്ഥൻ സ്വന്ത മായോ, ലഭിക്കുന്ന വിവരത്തിന്റെ അടിസ്ഥാന ത്തിലോ ഇൻസ്പക്ഷൻ നടത്തിയാണ് കണ്ടെത്തുന്നത്. ഇങ്ങനെ നിയമാനുസൃ തമല്ലാത്ത ലോഡ് കണ്ടെത്തിയാൽ സപ്ലൈ കോഡ് റഗുലേഷൻ (153) പ്രകാരമുള്ള തുടർ നടപടികളാണ് സ്വീകരിക്കുന്നത് . |
| (സി) | കണക്ടഡ് ലോഡ് അനുസരിച്ച് സിംഗിൾ ഫേസിൽ നിന്ന് ത്രീ ഫേസിലേക്ക് കണക്ഷൻ മാറ്റുന്നതിന് ആവശ്യമായ സ്ലാബ് അറിയിക്കാമോ; | (സി) | 5 കിലോവാട്ടിനു മുകളിൽ കണക്റ്റഡ് ലോഡ് ആയാൽ സിംഗിൾ ഫേസ് കണക്ഷൻ ത്രീ ഫേസ് ആക്കി മാറ്റേണ്ടതാണ് . |
| (ഡി) | കണക്ടഡ് ലോഡ് യഥാസമയം അറിയിക്കാതിരിക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടാൽ | (ഡി) | അനുവദനീയമായ പരിധിയില്ലുള്ള അധിക ലോഡ് ആണെങ്കിൽ കെ.എസ്.ഇ.ബി.എൽ സ്വമേധയാ |

| | | | |
|---|---|---|---|
| | സ്വീകരിക്കുന്ന നടപടി എന്തെന്ന് അറിയിക്കാമോ; പ്രസ്തുത വിവരം ഇലക്ട്രിസിറ്റി ബോർഡിൽ അറിയിക്കുന്നതിന് പൊതുജനത്തിന് അവസരമുണ്ടോയെന്ന് വ്യക്തമാക്കുമോ? | | ലോഡ് ക്രമപ്പെടുത്തുന്ന നടപടിയും, അനുവദനീയമായ പരിധിക്കുപുറത്തുള്ള അധിക ലോഡ് ആണെങ്കിൽ ഉപഭോക്താവിന് ലോഡ് ക്രമപ്പെടുത്താനുള്ള നോട്ടീസ് നൽകി ക്രമപ്പെടുത്താത്തപക്ഷം കണക്ഷൻ വിച്ഛേദിക്കുന്നതടക്കമുള്ള നടപടികളും ഉൾപ്പെടുന്നു.<br><br>അധിക ലോഡ് ബോർഡിനെ യഥാസമയം അറിയിക്കാതിരിക്കുന്ന വിവരം ഇലക്ട്രിസിറ്റി ബോർഡിൽ അറിയിക്കുന്നതിന് പൊതു ജനത്തിന് വൈദ്യുതി ബോർഡിന്റെ അതാത് സ്ഥലത്തുള്ള സെക്ഷൻ ഓഫീസിലോ, കേന്ദ്രീകൃത കസ്റ്റമർ കെയർ നമ്പർ ആയ 1912 ലേക്കോ, 9496001912 എന്ന വാട്സാപ്പ് നമ്പറി-ലേക്കോ, വിജിലൻസ് വിഭാഗത്തിന്റെ 04712444554 എന്ന നമ്പറിലേക്കോ അറിയിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ